പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1153 12.03.2015 ൽ മറുപടിക്ക്

ഇ- സാക്ഷരതാ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.മുരളീധരൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. വി.റ്റി. ബൽറാം : | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(ബഹു.വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | ഇ-സാക്ഷരതാ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ തെരെഞ്ഞെടുത്ത 100 പഞ്ചായത്തുകളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന സമ്പൂർണ്ണ ഇ-സാക്ഷരതാ പദ്ധതി 2014 ജനുവരി 4-ാം തീയതി ബഹു. പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്തിട്ടുണ്ട് |
| (ബി) | പ്രസ്തുത പദ്ധതി വഴി എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ ; | (ബി) | വിവരസാങ്കേതിക വിദ്യയിൽ അറിവും പ്രാവീണ്യവും സാമാന്യജനങ്ങൾക്ക് ഇന്റർനെറ്റിലൂടെ സുപരിചിതമാക്കുക, കല, ശാസ്ത്രം, സാങ്കേതികവിദ്യ, വ്യവസായം, സ്വയംപ്രകാശനം, ആശയവിനിമയം, സാമൂഹ്യസേവനം എന്നീ മേഖലകളിൽ ഡിജിറ്റൽ മാധ്യമത്തിലൂടെ സർഗ്ഗാത്മക സംയോജനം സാധ്യമാക്കുക, ദുർബ്ബല വിഭാഗങ്ങൾക്ക് അറിവും, ഗുണമേന്മയുള്ള വിദ്യാഭ്യാസവും പ്രാപ്തമാക്കുക ഇ-ഗവേണൻസ് ജനപ്രിയമാക്കുന്നതിന് വിവര സാങ്കേതികവിദ്യയുടെ പങ്കാളിത്തവേദി |

ഒരുക്കുക, സാമ്പത്തിക ശാക്തീകരണത്തിനും സമയത്തിന്റെ പൂർണമായ സദുപയോഗത്തിനും സഹായകമായ ഇ-വാണിജ്യവും, ഇ-സേവനവും സുപരിചിതമാക്കുക എന്നിവയാണ് പ്രധാനമായും ലക്ഷ്യമിടുന്നത്

(സി) പ്രസ്തുത പദ്ധതിക്ക് എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ലഭിക്കുന്ന-തെന്നും എപ്പോൾ പൂർത്തിയാക്കാ-നാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്നും വ്യക്തമാക്കുമോ.;

(സി) പി.എൻ. പണിക്കർ വിജ്ഞാൻ വികാസ് കേന്ദ്രയുടെ നേതൃത്വത്തിൽ 795 ലക്ഷം രൂപ ചെലവിൽ നടപ്പിലാക്കുന്ന ഇ-സാക്ഷരതാ പദ്ധതിക്ക് 375 ലക്ഷം രൂപ കേന്ദ്ര സഹായം പ്രതീക്ഷിക്കുന്നു. 2017 മാർച്ച് 31-ന് പ്രസ്തുത പദ്ധതി പൂർത്തിയാക്കുവാൻ ലക്ഷ്യമിടുന്നു.

(ഡി) പദ്ധതി നടത്തിപ്പിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ടോ.; വിശദമാക്കുമോ?

(ഡി) സംസ്ഥാനത്തെ 14 ജില്ലകളിലും കളക്ടറുടെ അധ്യക്ഷതയിൽ മോണിട്ടറിംഗ് & ഇവാല്യൂവേഷൻ കമ്മിറ്റി അംഗങ്ങളുടെയും പദ്ധതി നടപ്പിലാക്കുന്ന പഞ്ചായത്ത് പ്രസിഡന്റുമാരുടെയും യോഗം ചേരുകയുണ്ടായി. വിവിധ ജില്ലകളിലെ 100 ഗ്രാമപഞ്ചായത്തുകൾക്കും ഒന്നാം ഗഡുവായ ഒരു ലക്ഷം രൂപ നൽകുകയുണ്ടായി.. പ്രസ്തുത പദ്ധതി നടത്തിപ്പിനുള്ള കംപ്യൂട്ടർ ടാബ്ലെറ്റ്സ്, മൊബൈൽ ഫോൺ തുടങ്ങിയ എല്ലാ ഹാർഡ് വെയറുകളും പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ ലഭ്യമാ-ക്കുന്നു.. പരിശീലകർക്കുള്ള പരിശീലനം ഇന്റൽ ഇന്റർ നാഷണൽ കോർപ്പറേഷനും, പി.എൻ. പണിക്കർ ഫൗണ്ടേഷനും സംയുക്തമായും,

ഗുണഭോക്താക്കൾക്ക് 40 മണിക്കൂർ 80 മണിക്കൂർ വീതമുള്ള പരിശീലനം അക്ഷയകേന്ദ്രങ്ങൾ മുഖേനയും നൽകിവരുന്നു. തിരുവനന്തപുരം ജില്ലയിലെ പള്ളിച്ചൽ ഗ്രാമ പഞ്ചായത്തിനെ ആദ്യത്തെ സമ്പൂർണ്ണ ഇ-സാക്ഷരതാ പഞ്ചായത്തായി 2014 മാർച്ച് ഒന്നാം തീയതി ബഹു. മുഖ്യമന്ത്രി പ്രഖ്യാപിച്ചു..

Sheela H

സെക്ഷൻ ഓഫീസർ